# കേരള ബാങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ജൂൺ 30 വരെ ദീർഘിപ്പിച്ചു.

**കേരള ബാങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ജൂൺ 30 വരെ ദീർഘിപ്പിച്ചു. കുടിശ്ശികയായ 60 ലക്ഷം രൂപവരെയുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കലിനായി പരിഗണിക്കുന്നതാണ്.**

**മരണപ്പെട്ടവർ / മാരക രോഗം ബാധിച്ചവരുടെ 10 ലക്ഷം രൂപവരെ മുതൽ ബാക്കിനിൽപ്പുള്ള വായ്പകൾക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതാണ്. 5 ലക്ഷം രൂപ വരെയുള്ള 100% കരുതൽ വച്ചിട്ടുള്ള D3 വായ്പകൾക്കും വായ്പക്കാരന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പലിശ പൂർണ്ണമായി ഒഴിവാക്കുന്നതാണ്.**

**ഒരു വർഷവും അതിനുമുകളിലും കുടിശ്ശിക ആയി തുടരുന്ന വായ്പകൾക്ക് നിബന്ധനകൾക്ക് വിധേയമായി 10% മുതൽ 50% വരെ പലിശ ഇളവ് ലഭിക്കുന്നതാണ്.**

**കുടിശ്ശിക തീർപ്പാക്കുന്നതിനായി വായ്പക്കാർ അതാത് ബ്രാഞ്ചുമായി ബന്ധപ്പെട്ട് പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്.**